പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2188 — 16.08. 2017 ൽ മറുപടിക്ക്

## കെ. എസ്. ഇ. ബി ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലെ ഒഴിവുകൾ

ചോദ്യം — ഉത്തരം

ശ്രീമതി.പി.അയിഷാപോറ്റി — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ. എസ്. ഇ. ബി യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br><br>(ബി) ഒഴിവുകൾ പി. എസ്. സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദ്ദേശത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കമോ? | (എ)&(ബി) കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിലവിലുള്ള 48 (3 ശതമാനം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തത്) ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനിക വൽക്കരണ നടപടിയുടെയും PDA അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലി ഭാരത്തിൽ വലിയ വ്യത്യാസമുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലേ ക്യാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാകു എന്നത് തിട്ടപ്പെടുത്താൻ കഴിയൂ. ഇങ്ങനെ തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ഒഴിവുകൾ മാത്രമെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയൂ. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. മേൽ നടപടികളുടെ ഭാഗമായി കണ്ടെത്തുന്ന ഒഴിവുകൾ നികത്തുന്നതിനാണ് കെ.എസ്.ഇ,ബി .എൽ. തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ